# ‘കർത്താവിലുള്ള സന്തോഷം’

## സങ്കീർത്തനങ്ങൾ 4:7

“ധാന്യവും വീഞ്ഞും വർദ്ധിച്ചപ്പോൾ അവർക്കുണ്ടായതിലും അധികം സന്തോഷം നീ എന്റെ ഹൃദയത്തിൽ നല്കിയിരിക്കുന്നു.”

ധാന്യവും വീഞ്ഞും സന്തോഷത്തിന്റെ പ്രതീകങ്ങളായി ലോകം കാണുന്നു. ഇവ രണ്ടും മനുഷ്യനെ തൃപ്തിപ്പെടുത്തുന്നു. അപ്പോൾ അതിന്റെ മേലുള്ള വർദ്ധനവ് അഥവാ നിറവ് തീർച്ചയായും ഒരുവനെ സന്തോഷത്തിന്റെ പാരമ്യത്തിലെത്തിക്കും.

എന്നാൽ ഇവ വർദ്ധിച്ചതിലും അധികം ഉണ്ടായ സന്തോഷമാണ് സങ്കീർത്തനക്കാരന് അനുഭവിക്കാൻ കഴിഞ്ഞത്. ഇവിടെ, കടന്നുപോകുന്ന സാഹചര്യങ്ങൾക്കുണ്ടാകുന്ന മാറ്റത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് ‘യഹോവയുടെ മുഖപ്രകാശം തന്റെമേൽ ഉദിപ്പിക്കണമേ’ എന്ന പ്രാർത്ഥനയ്ക്കു ശേഷമാണ് ഈ പ്രസ്താവന ദാവീദ് നടത്തുന്നത്. ധാന്യത്തിന്റെയും(അപ്പത്തിന്റെയും), വീഞ്ഞിന്റെയും വർദ്ധനവ് തൽക്കാലത്തേക്കു മാത്രമുള്ളതാകുന്നു. ലോകപരമായ സന്തോഷം അങ്ങനെയുള്ളതാകുന്നു. അതിൻപ്രകാരമുള്ള തൃപ്തി സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം നിലനിൽക്കുന്നതാകുന്നു.

കർത്താവിലുള്ള സന്തോഷം, പ്രിയ ദൈവമക്കളെ, അത് ഒരു വികാര അനുഭൂതിയിൽ ഉണ്ടാക്കിയെടുക്കുന്നതല്ല. അതായത് എന്തു ലഭിച്ചു അഥവാ എന്തു ലഭിക്കും എന്നതിന്റെ പശ്ചാത്തലത്തിലോ പ്രതീക്ഷയിലോ അനുഭവിക്കാൻ പറ്റുന്ന ഒന്നല്ല. സാഹചര്യങ്ങൾക്ക് അധീനമല്ല എന്ന് സാരം. കർത്താവിന്റെ സാന്നിധ്യം, അവനിലുള്ള സുരക്ഷിതത്വം പൂർണ്ണ തൃപ്തിയോടെ അനുഭവിക്കാൻ കഴിയുന്ന ഒരു അവസ്ഥ. എത്ര ആശ്ചര്യമേറിയ അനുഭവം ആകുന്നു.

കർത്താവിലുള്ള സന്തോഷം മാത്രമാണ് ഒരു ദൈവപൈതലിന്റെ ബലം. പിശാചിന് അത് നന്നായി അറിയാം. അതിനെ തകർക്കുക എന്നതാണ് ദുഷ്ടന്റെ വലിയ പദ്ധതി. ലഭിക്കാത്തതിനെ ഓർമ്മിപ്പിച്ച്, അതല്ലെങ്കിൽ ആയിരിക്കുന്ന സാഹചര്യങ്ങളുടെ ബലഹീനതയും, പ്രതികൂലങ്ങളും എടുത്തുയർത്തി അവൻ നമ്മെ തകർക്കാൻ ശ്രമിക്കും. അതായത് കർത്താവിൽ സന്തോഷിക്കാൻ ദൈവമക്കളെ അനുവദിക്കാതിരിക്കുക. എന്നാൽ ജയം നമ്മുടെ കർത്താവിനാണ് എന്ന ഉറച്ച ബോധ്യത്തോടെ അവനിൽ മാത്രം സന്തോഷിച്ച് നമുക്ക് മുന്നേറാം.

സന്തോഷം കെടുത്തുന്നത് പലവിധമാകാം: ശാരീരികം, മാനസികം അഥവാ ആത്മീകം. നമുക്കറിയാം ദാവീദ് പാപം ഏറ്റുപറയാതിരുന്നപ്പോൾ മാനസികമായ

സന്തോഷം നഷ്ടപ്പെട്ടു. ഏലിയാവ് ക്ഷീണിച്ച് ചൂരച്ചെടിയുടെ തണലിൽ അഭയം കൊണ്ടു. യോനായുടെ അനുസരണക്കേടിലൂടെയും നമ്മെ അതേ അനുഭവം മനസ്സിലാക്കി തന്നു. നമ്മുടെ സന്തോഷത്തെ ഹനിക്കാൻ കൊണ്ടുവരുന്ന എല്ലാ ബലഹീനതകളെയും തള്ളിക്കളയണം. അവ നിരാശ ആകാം അഥവാ കുറ്റബോധം ആകാം. അങ്ങനെ നീണ്ട പട്ടിക നമുക്ക് കാണാം. കർത്താവിലുള്ള സന്തോഷം നമ്മുടെ ശക്തി ആണെന്ന് ഓർക്കണം. ഈ ശക്തി ദുർഗ്ഗവും ആകുന്നു. ഹൃദയത്തിൽ അനുഭവിക്കുന്ന ഒരുവനേ അത് മനസ്സിലാക്കാൻ കഴിയൂ. അതേ, ധാന്യവും, വീഞ്ഞും വർദ്ധിച്ചതിലും അധികം ഉളവാകുന്ന സന്തോഷത്തോടെയും, സമാധാനത്തോടെയും ദിനം തുടങ്ങുവാനും, കിടക്കമേൽ ആയിരിപ്പാനും കർത്താവ് ഏവരെയും സഹായിക്കട്ടെ.

പരാമർശം :
ഫിലിപ്പിയർ 4:4

‘കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു.’

സിസ്റ്റർ ബിന്ദു റെജി അയ്മനം 076